**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**വിനോദസഞ്ചാരവകുപ്പ് - ഓണാഘോഷം 2015 - ഓണം ഘോഷയാത്ര - തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന/ ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിവയ്ക്ക് ഘോഷയാത്രയിൽ പങ്കെടുക്കുന്നതിനായി സ്വന്തം ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

==========================================================================

**ടൂറിസം (ബി) വകുപ്പ്**

സ.ഉ.(എം.എസ്) നം.213/2015/ടൂറിസം തീയതി, തിരുവനന്തപുരം: 01.08.2015

==========================================================================

**പരാമർശം:-** ടൂറിസം ഡയറക്ടറുടെ 10.6.2015-ലെ എം2-5521/2015 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാർ തലത്തിൽ ഓണാഘോഷ പരിപാടികൾ ടൂറിസം വകുപ്പ് സംസ്ഥാനത്തൊട്ടാകെ എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നുണ്ട്. 2015-ലെ സംസ്ഥാനതല ഓണാഘോഷപരിപാടികൾ ആഗസ്റ്റ് 25 മുതൽ 31 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

2. തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി ഈ വർഷവും സമാപന ദിവസമായ ആഗസ്റ്റ് 31-ാം തീയതി ഘോഷയാത്ര സംഘടിപ്പിക്കുന്നു. ഓണം ഘോഷയാത്രയിൽ തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സംസ്ഥാന/ ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ എന്നിവ കാലിക പ്രാധാന്യമുള്ള വിഷയത്തെ ആധാരമാക്കി സമൂഹത്തിന് നല്ല സന്ദേശം നൽകുന്ന വിവിധ ഫ്ളോട്ടുകൾ അവതരിപ്പിക്കേണ്ടതാണ്.

3. ഈ വർഷത്തെ ഓണാഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് ആഗസ്റ്റ് 31-ാം തീയതി തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ഘോഷയാത്രയിൽ പങ്കെടുക്കുന്നതിനായി സർക്കാരിന്റെ വിവിധ സ്ഥാപനങ്ങൾക്കായി താഴെപ്പറയുന്ന പ്രകാരം സ്വന്തം ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | അനുവദിച്ച തുക (രൂപ) |
|---|---|
| സർക്കാർ വകുപ്പുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന / ജില്ലാ സഹകരണ ബാങ്കുകൾ / കോർപ്പറേഷൻ / ജില്ലാ പഞ്ചായത്ത് | 3,00,000/- |
| മുൻസിപ്പാലിറ്റി | 2,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് / ഗ്രാമ പഞ്ചായത്ത് / പ്രാഥമിക സഹകരണ ബാങ്കുകൾ / സഹകരണ സംഘങ്ങൾ | 1,50,000/- |

.......2/-

4. സഹകരണ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ പ്രത്യേകം ഉത്തരവ് നൽകുന്നതാണ്. വകുപ്പു മേധാവികൾ, സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾ, സംസ്ഥാന/ജില്ലാ/പ്രാഥമിക സഹകരണ ബാങ്കുകൾ/ സംഘങ്ങൾ എന്നിവയുടെ മേധാവികൾ തുടങ്ങിയവർ അവരവരുടെ സ്ഥാപനങ്ങൾ ഓണം ഘോഷയാത്രയിൽ സജീവമായി പങ്കെടുത്ത് ഈ ഘോഷയാത്ര ഒരു വൻവിജയമാക്കി തീർക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവ് പ്രകാരം,)

ജി.കമലവർദ്ധന റാവു
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറിമാർക്കും
സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം.
എല്ലാ വകുപ്പുമേധാവികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
എല്ലാ സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ സംസ്ഥാന/ജില്ലാ/പ്രാഥമിക സഹകരണ ബാങ്കുകൾ/ സഹകരണ സംഘങ്ങൾ എന്നിവയുടെ മേധാവികൾക്കും,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (ഇക്കണോമിക് & റവന്യൂ സെക്ടർ ആഡിറ്റ് ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ